മണർകാട് സെന്റ് മേരീസ് ജേക്കബൈറ്റ് സിറിയൻ കത്തീഡ്രൽ

# ബാലദീപ്തി

## ജെ. എസ്. വി. ബി. എസ്. പ്രസിദ്ധീകരണം







## ജെ. എസ്. വി. ബി. എസ്. ഡയറക്ടറുടെ സന്ദേശം



**റവ. ഫാ. കുറിയാക്കോസ് കാലായിൽ**

*(ജെ. എസ്. വി. ബി. എസ്. ഡയറക്ടർ 2024)*

അഞ്ചര പതിറ്റാണ്ടുകൾക്ക് മുമ്പ് 1969-ൽ മണർകാട് വിശുദ്ധ മർത്തമറിയം യാക്കോബായ സുറിയാനി പള്ളി യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ പ്രാരംഭം കുറിച്ച വി. ബി. എസ്. തലമുറകൾ കൈമാറി ജെ. എസ്. വി. ബി. എസ്. എന്ന പേരിൽ തുടരാൻ നമുക്ക് സാധിക്കുന്ന ദൈവകൃപയ്ക്ക് നന്ദി കരേറ്റുന്നു. 'നാം ദൈവത്തിന്റെ വാഗ്ദത്ത സന്തതികൾ(ഗലാത്യർ 4:28) എന്ന ചിന്താവിഷയത്തിലൂടെ കൗമാര ശൈശവ ദിശയിലുള്ള കുട്ടികൾക്ക് ദൈവം വാഗ്ദത്തം ചെയ്ത സ്വർഗ്ഗരാജ്യം ലക്ഷ്യമാക്കിയുള്ള നമ്മുടെ ജീവിതയാത്ര ക്രൈസ്തവമൂല്യങ്ങൾ ഉൾക്കൊണ്ടും ദൈവാശ്രയത്തോടും നയിച്ച് ലക്ഷ്യത്തിൽ എത്തിച്ചേരുക എന്ന സന്ദേശം കൈമാറാൻ കഴിഞ്ഞതിൽ ഏറെ ചാരിതാർത്ഥ്യം ഉണ്ട്. കൂടാരമായ ഞങ്ങളുടെ ഭൗമഭവനം അഴിഞ്ഞു പോയാൽ കൈപ്പണിയല്ലാത്ത നിത്യഭവനമായി ദൈവത്തിന്റെ ദാനമായ ഒരു കെട്ടിടം ഞങ്ങൾക്ക് സ്വർഗ്ഗത്തിൽ ഉണ്ട് എന്ന് 2 കൊരിന്ത്യർ 5-ാം അധ്യായത്തിലൂടെ നമുക്ക് ഉറപ്പുതരുന്നു.

ഭൂമിയിലെ നമ്മുടെ പരദേശവാസം ക്ഷണികമാണ് എന്നും നിത്യതയ്ക്കായി ഒരുങ്ങുവാനുള്ള പരിശീലനക്കളരിയാണ് എന്നും തിരിച്ചറിഞ്ഞ് നീതിയും, സമാധാനവും, പരിശുദ്ധാത്മ സന്തോഷവും അനുഭവവേദ്യമാക്കുന്ന ശാശ്വതഭവനത്തിൽ എത്തിച്ചേരുവാൻ ജീവിതവിശുദ്ധിയും ദൈവാരാധനയും, പ്രാർത്ഥനയും, തിരുവചന ധ്യാനവും നമുക്ക് ശക്തി പകരുന്നുവെന്നും നാം ദൈവരാജ്യത്തിന്റെ പ്രമാണങ്ങൾ അനുസരിച്ച് ജീവിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ടവരും വി. മാമ്മോദീസായിലൂടെ ദൈവരാജ്യത്തിന്റെ പൗരത്വം പ്രാപിച്ചവരാകയാൽ തദനുസരണമായി ജാഗ്രതയോടെ ജീവിക്കുവാൻ നമുക്ക് ഉത്തരവാദിത്വമുണ്ട് എന്നുള്ള സന്ദേശം വരും തലമുറയ്ക്ക് കൈമാറുവാൻ ജെ. എസ്. വി. ബി. എസ്. 2024-ലൂടെ സാധിച്ചു എന്നത് ഏറെ സന്തോഷം നൽകുന്നു.

## ജെ. എസ്. വി. ബി. എസ്. 2024 പ്രവർത്തന റിപ്പോർട്ട്

മണർകാട് വി. മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിന്റെ കീഴിൽ പ്രവർത്തിക്കുന്ന പതിനാറ് സൺഡേസ്കൂൾ ഉൾപ്പെടുന്ന എം.ജെ.എസ്.എസ്.എ. മണർകാട് ഡിസ്ട്രിക്ടിന്റെ ആഭിമുഖത്തിൽ. 'നാം വാഗ്ദത്തത്തിന്റെ സന്താനങ്ങളുമാകുന്നു'. ഗലാത്യർ 4:28 എന്ന ചിന്താവിഷയത്തെ ആസ്പദമാക്കി ജെ.എസ്.വി.ബി.എസ്. ഏപ്രിൽ ഒന്നു മുതൽ 13 വരെ നടത്തപ്പെടുകയുണ്ടായി.

2024 ഫെബ്രുവരി 11-ന് നടന്ന സണ്ടേസ്കൂൾ ജനറൽ ബോഡി ഈ വർഷത്തെ ജെ. എസ്. വി. ബി. എസ്. ഡയറക്ടർ ആയി മണർകാട് പള്ളി സഹവികാരി റവ.ഫാ.കുറിയാക്കോസ് കാലായിൽ, ജോയിന്റ് ഡയറക്ടേഴ്സ് ആയി എം. ഐ. ഏബ്രഹാം മറ്റത്തിൽ, ബൈജു ഏബ്രഹാം വെള്ളാപ്പള്ളിൽ എന്നിവരെ തിരഞ്ഞെടുത്തു. ജെ. എസ്. വി. ബി. എസ്-ന്റെ നടത്തിപ്പിനായി സണ്ടേസ്കൂൾ പ്രതിനിധി റോണി വർഗീസ്, മണർകാട് ഡിസ്ട്രിക്ട് ഇൻസ്പെക്ടർ ശ്രീ. മനോജ് പി. വി. എന്നിവരോടൊപ്പം ഓർഗൈനസർമാരായി റവ.ഫാ. കെ. എം. ജോർജ്ജ് കുന്നേൽ(കുറ്റിയേക്കുന്ന് സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ), റവ.ഫാ. മാത്യു എം. ബാബു (അമയന്നൂർ സണ്ടേസ്കൂൾ ഹെഡ്മാസ്റ്റർ) കീച്ചാൽ സണ്ടേസ്കൂൾ അദ്ധ്യാപകരായ ജേക്കബ് തോമസ് ഇ., നീനു കുര്യാക്കോസ്, അജു മാത്യു, അമയന്നൂർ സൺഡേസ്കൂൾ അദ്ധ്യാപകൻ ജേക്കബ് കുര്യൻ, വെള്ളൂർ സൗത്ത് സണ്ടേസ്കൂൾ അദ്ധ്യാപകൻ സാം കെ. പോൾ, വടവാതൂർ സണ്ടേസ്കൂൾ അദ്ധ്യാപകൻ സാജൻ കുറിയാക്കോസ്, വെള്ളൂർ നോർത്ത് അദ്ധ്യാപകൻ പി. സി. മാത്യു, മണർകാട് സെൻട്രൽ സണ്ടേസ്കൂൾ അദ്ധ്യാപകരായ ഫിലിപ്പ് കുറിയാക്കോസ്, നിർമ്മല ജോർജ്ജ്, ബ്ലെസ്സി ബാബു, ഡിസ്ട്രിക്ട് ഭാരവാഹികളായ പ്രിയ ജിജോ

*(ശേഷം പേജ് 4-ൽ)*



ജെ. എസ്. വി. ബി. എസ്. ഉദ്ഘാടനം വന്ദ്യ കുറിയാക്കോസ് കിഴക്കേടത്ത് കോർ എപ്പിസ്കോപ്പാ നിർവ്വഹിക്കുന്നു. ഡയറക്ടർ റവ.ഫാ.കുറിയാക്കോസ് കാലായിൽ, റവ.ഫാ. മാത്യു എം. ബാബു വടക്കേപ്പറമ്പിൽ, റവ.ഫാ. ജോർജ് കുന്നേൽ, ട്രസ്റ്റി ഏബ്രഹാം പഴയിടത്തുവയലിൽ, സണ്ടേസ്കൂൾ പ്രതിനിധി റോണി വർഗീസ് വാണിയപ്പുരയ്ക്കൽ, സണ്ടേസ്കൂൾ ഇൻസ്പെക്ടർ മനോജ് പായിക്കാട്ടുവേലിൽ, എം. ഐ. ഏബ്രഹാം മറ്റത്തിൽ, ബൈജു വെള്ളാപ്പള്ളി, ഭദ്രാസന ഡയറക്ടർ അവിനേഷ് തണ്ടാശ്ശേരിൽ തുടങ്ങിയവർ സമീപം

*2024 ജെ. എസ്. വി. ബി. എസിന്റെ വിജയകരമായ നടത്തിപ്പിനും ബാലദീപ്തി എന്ന പ്രസിദ്ധീകരണത്തിനും ഞങ്ങളുടെ ഹൃദയംഗമമായ ആശംസകൾ നേരുന്നു.*

ട്രസ്റ്റിമാർ, സെന്റ് മേരീസ് കത്തീഡ്രൽ, മണർകാട്





കയ്യെഴുത്തു മാസികയുടെ പ്രകാശനം റവ. ഫാ. കുറിയാക്കോസ് കാലായിൽ ട്രസ്റ്റി ഡോ. ജിതിൻ കുര്യൻ ആൻഡ്രൂസിന് നൽകികൊണ്ട് നിർവ്വഹിക്കുന്നു. റവ.ഫാ. കെ. എം. ജോർജ് കുന്നേൽ, പള്ളി സെക്രട്ടറി ജേക്കബ് വി. ജെ. വാഴത്തറ, എം. ഐ. ഏബ്രഹാം മറ്റത്തിൽ, റവ.ഫാ. മാത്യൂസ് മണവത്ത്, റവ.ഫാ. മാത്യു എം. ബാബു വടക്കേപറമ്പിൽ, കോട്ടയം ഭദ്രാസന ഡയറക്ടർ അവിനേഷ് തണ്ടാശ്ശേരിൽ എന്നിവർ സമീപം.

# കയ്യെഴുത്തുമാസിക




**എം. ഐ. ഏബ്രഹാം മറ്റത്തിൽ**


**(ജോ. ഡയറക്ടർ JSVBS 2024)**

മണർകാട് ജെ. എസ്. വി. ബി. എസ്-ന്റെ ഏറ്റവും ആകർഷകമായ ഒന്നാണ്. കുട്ടികളെയും അദ്ധ്യാപകരെയും പങ്കാളികളാക്കിക്കൊണ്ടുള്ള കൈയ്യെഴുത്തുമാസിക മൊബൈൽ ഫോണിന്റെ അമിതമായ പ്രചാരണത്തോടെ കുട്ടികൾ എഴുത്തിന്റെയും വായനയുടെയും വരയുടെയും പാതയിൽനിന്നും അകന്നുപോയ സാഹചര്യത്തിൽ അവരെ വായനയുടെ ലോകത്ത് എത്തിക്കുക അതോടൊപ്പം അവരുടെ കലാപരമായ അഭിരുചിക്ക് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് 2011-ൽ കയ്യെഴുത്തു മാസിക ആരംഭിച്ചത്. കുട്ടികളുടെയും അദ്ധ്യാപകരുടെയും അത്യധികമായ പ്രയത്നം മൂലം അന്നു മുതൽ ഇന്നുവരെയും മുടക്കം കൂടാതെ കയ്യെഴുത്തു മാസിക പ്രസിദ്ധീകരിച്ചുവരുന്നു. വളരെ ചുരുങ്ങിയ സമയമാണ് ഇതു തയ്യാറാക്കുന്നതിന് ലഭിക്കുന്നത്. എങ്കിലും കുട്ടികളുടെയും അദ്ധ്യാപകരുടെയും സഹകരണത്താൽ വളരെ ഭംഗിയായ രീതിയിൽ പ്രസിദ്ധീകരിക്കുവാൻ നമുക്ക് സാധിക്കുന്നു.


ഓരോ വർഷവും അതാതു വർഷത്തെ തീം-ന് അനുസരിച്ചുള്ള പേരുകളും അതിനനുസരിച്ചുള്ള കവർ പേജും തയ്യാറാക്കാൻ പത്രാധിപ സമിതി പ്രത്യേകം ശ്രദ്ധിച്ചുവരുന്നു. കവർചിത്രം വരയ്ക്കുന്നതിനും കയ്യെഴുത്തു മാസികയ്ക്ക് പേര് നിർദ്ദേശിക്കുന്നതിനും ഒക്കെ സമ്മാനങ്ങളും നൽകിവരുന്നു. ചില വർഷങ്ങളിൽ 50-ലധികം പേരുകൾ പരിഗണനയ്ക്ക് വന്നത് കുട്ടികൾക്ക് ഇതിനോടുള്ള താല്പര്യത്തിന്റെ തെളിവായിരുന്നു. കുട്ടികളുടെയും അദ്ധ്യാപകരുടെയും കവിതകൾ, കഥകൾ, ലേഖനങ്ങൾ, ചിത്രങ്ങൾ, നർമശകലങ്ങൾ, ചരിത്രത്തിൽനിന്നുള്ള ഏടുകൾ എന്നിവയാണ് പ്രധാനമായും ഇതിൽ ഉൾക്കൊള്ളിക്കുന്നത്.

ആത്മീയമായ വളർച്ചയോടൊപ്പം കുട്ടികളുടെ എഴുത്തിനോടും ചിത്രം രചനയോടുമുള്ള താല്പര്യം വർദ്ധിപ്പിക്കുന്നതിനായുള്ള ഞങ്ങളുടെ ശ്രമത്തിന് കുട്ടികളിൽനിന്നും അതിയായ പ്രോത്സാഹനമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. മേലിലും നമ്മുടെ കയ്യെഴുത്തു മാസിക ഏറ്റവും ഭംഗിയായി പ്രസിദ്ധീകരിക്കുന്നതിന് കുട്ടികളിൽനിന്നും അദ്ധ്യാപകരിൽനിന്നും നല്ല സഹകരണം പ്രതീക്ഷിക്കുന്നു. ആയതിന് പരിശുദ്ധ ദൈവമാതാവിന്റെ മഹാമദ്ധ്യസ്ഥതയിൽ അഭയപ്പെടുകയും ചെയ്യുന്നു.

## കയ്യെഴുത്തു മാസികയിൽ പ്രസിദ്ധീകരിച്ച വിവിധ ചിത്രങ്ങൾ



ബബിത ജേക്കബ് (ടീച്ചർ)



അനുഷ് കെ. അജി (ടീച്ചർ)






എയ്മി സെറാ ജോബി (സബ് ജൂണിയർ - എഫ്)
കളറിംഗ് മത്സര വിജയി




ജൂലിയറ്റ്
സബ് ജൂണിയർ - ഡി




ഗോഡ്സ് ക്രിയേഷൻ
റയാൻ തോമസ് ബോബി (സബ്ജൂണിയർ എ)




നിഷാൽ സാജൻ അലക്സ്
(സീനിയർ ഡി)



ആബേൽ ബോബി തോമസ് (ജൂണിയർ ഇ)

# അച്ചനെപ്പറ്റി...

**അന്നമ്മ തോമസ് അട്ടാർവയലിൽ**



ചിരവത്തറ കുടുംബത്തിന്റെ ഓമന പുത്രാ
ഒരു നൊമ്പരക്കൂടിന്റെ വെൺപൂവായ്
മഹത്തരമാം നിന്റെ വേല ചെയ്വാൻ
ശരീര മനസ്സിനെ ഒരുക്കിയല്ലോ.

അഹമെന്ന പുകമറ വിട്ടകന്ന്
വിവിധ വിഷമങ്ങൾ തട്ടിമാറ്റി
പൗരോഹിത്യത്തിൻ പടികയറാൻ
യോശുവായെപ്പോലെ ധൈര്യം പകർന്ന്

ദൗത്യത്തിൽ ഉറച്ച് അടിപതറാതെ
കാവലായ് തഴുകിയ കൃപകളെയോർത്ത്
ഇത്രയും ദൂരം പറന്നു വന്ന നല്ലിടയാ
ഞങ്ങളാദരം അർപ്പിക്കുന്നീ വി. ബി. എസ്.-ൻ നാമത്തിൽ

തന്റെ മനക്കോണിലെ നല്ലതിനെ തിരഞ്ഞെടുത്ത
ദൈവം അഭിഷിക്തർക്കായ് ജോർദ്ദാനിൽ
വീഥിയൊരുക്കിയ കരയിൽ കാൽ കുത്തിയപ്പോൾ
കരകവിഞ്ഞൊഴുകിയ പരിശുദ്ധന്മാരുടെ
നിരയിൽ എന്നും വിശ്രമിക്കട്ടെ!

# ജെ. എസ്. വി. ബി. എസ്. ജീവിത വഴികളിൽ ശോഭ പടർത്തട്ടെ


**മനോജ് പി. വി. പായിക്കാട്ടുവേലിൽ**
*ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർ*



സന്തോഷത്തിന്റെയും ആഹ്ലാദത്തിന്റെയും അവധിക്കാലത്ത് കുട്ടികൾക്കും, അധ്യാപകർക്കും കുറെ നല്ല സ്മരണകൾ സമ്മാനിച്ചുകൊണ്ട് 'നാം വാഗ്ദത്തത്തിന്റെ സന്താനങ്ങൾ ആകുന്നു" (ഗലാത്യർ 4:28) എന്ന ബോധ്യം നമ്മിൽ ഊട്ടിയുറപ്പിച്ച് ഒരു ജെ. എസ്. വി. ബി. എസ്. കാലം കൂടി കടന്നു പോവുകയാണ്. നമ്മുടെ രക്ഷിതാവായ യേശുക്രിസ്തു പഠിപ്പിച്ച വഴികളിലൂടെ ജീവിക്കുവാൻ കുട്ടികളെ പരിശീലിപ്പിക്കുക, പ്രാർത്ഥനാ ജീവിതം, ദൈവാശ്രയം, സ്വഭാവരൂപീകരണം എന്നിവയുടെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുവാൻ സാധിച്ചു എന്ന് പ്രതീക്ഷിക്കുന്നു.

പന്ത്രണ്ട് ദിവസങ്ങളിലായി മലങ്കരയിലെ ഏറ്റവും കൂടുതൽ ദിവസങ്ങൾ നടത്തപ്പെട്ട നമ്മുടെ വി.ബി.എസ്. വിവിധങ്ങളായ പരിപാടികളോടെ കുട്ടികളുടെ മനസ്സിൽ എന്നും നിലനിൽക്കും. ഒരു ദിനം അധ്യാപക പരിശീലനത്തിനായി ക്രമീകരിക്കുവാൻ സാധിച്ചതോടൊപ്പം, കുട്ടികൾക്കായി സംഗീത പരിശീലനം, പാഠഭാഗങ്ങൾ, കലാമത്സരങ്ങൾ, Day of Giving, Know your parish, Painting Competition, Life Skill Training, Story Time, Craft Atheletic Carnival, Love feast, Flower Day എന്നിങ്ങനെ വിവിധ പരിപാടികൾ സംഘടിപ്പിക്കുവാൻ നമുക്ക് സാധിച്ചു. നമ്മുടെ പ്രവർത്തനങ്ങൾ ഇടവകയുടെയും സഭയുടെയും മുന്നോട്ടുള്ള പ്രയാണത്തിന് മുതൽക്കൂട്ട് ആകട്ടെ ഒപ്പം ജീവിത വഴികളിൽ ഏറെ ശോഭ പടർത്തുവാൻ ജെ. എസ്. വി. ബി. എസ്. നമുക്ക് നൽകിയ അറിവുകൾ പ്രചോദനമാകട്ടെ എന്നും ആശംസിക്കുന്നു. ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും നന്മകൾ നേരുന്നു. നമ്മുടെ സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെയും, പ്രത്യേകിച്ച് ജെ. എസ്. വി. ബി. എസിന്റെയും സജീവ നേതൃത്വമായിരുന്ന നമ്മുടെ വന്ദ്യ ചിരവത്തറ ആൻഡ്രൂസ് കോർ എപ്പിസ്കോപ്പായുടെ നല്ല സ്മരണകൾക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

## ജെ. എസ്. വി. ബി. എസ്.2024





ജെ. എസ്. വി. ബി. എസി-ന് തുടക്കം കുറിച്ചുകൊണ്ട് ഡയറക്ടർ റവ.ഫാ.കുറിയാക്കോസ് കാലായിൽ പതാക ഉയർത്തുന്നു.



ജെ. എസ്. വി. ബി. എസിന്റെ ആദ്യദിനത്തിൽ നടത്തിയ അധ്യാപക പരിശീലനത്തിൽ പങ്കെടുത്തവർ

## ജെ. എസ്. വി. ബി. എസ്.2024





# ജെ. എസ്. വി. ബി. എസ്. 2024 പ്രവർത്തന റിപ്പോർട്ട്



റോണി വർഗീസ്
വാണിയപ്പുരയ്ക്കൽ
(സണ്ടേസ്കൂൾ പ്രതിനിധി)

*(പേജ് 1-ൽനിന്നും തുടർച്ച)*

(മാങ്ങാനം സൺഡേസ്കൂൾ), കെ. എ. ജോർജ് (മാലം സൺഡേസ്കൂൾ), അരുൺ വർഗീസ് (വെള്ളൂർ നോർത്ത് സൺഡേസ്കൂൾ) എന്നിവരെ തിരഞ്ഞെടുത്തു.

ഈ വർഷം നാല് ഗ്രൂപ്പുകളിലായി 700 വിദ്യാർത്ഥികളും 107 അദ്ധ്യാപകരും പങ്കെടുത്തു. ക്ലാസ്സുകൾ എല്ലാ ദിവസവും രാവിലെ 8.00 മുതൽ 11.30 വരെയായി നടത്തപ്പെട്ടു.

*2024 ജെ. എസ്. വി. ബി. എസിന്റെ പ്രധാന പ്രവർത്തനങ്ങൾ ചുവടെ*

**1) അദ്ധ്യാപക പരിശീലനം**

ജെ. എസ്. വി. ബി. എസിന്റെ ആദ്യദിനം 1/4/24 അദ്ധ്യാപക പരിശീലനത്തിനായി മാറ്റിവച്ചു. മണർകാട് പള്ളി പൊതുയോഗഹാളിൽ നടന്ന പരിശീലനത്തിൽ റവ.ഫാ. കുര്യൻ മാത്യു വടക്കേപ്പറമ്പിൽ ക്ലാസ് നയിച്ചു. തുടർന്ന് അദ്ധ്യാപകരെ പല ഗ്രൂപ്പുകളിലായി തിരിച്ചു. ഗ്രൂപ്പ് ഡിസ്കഷനുകളും, ജെ. എസ്. വി. ബി. എസിന്റെ നടത്തിപ്പിനായി അവരുടെ നിർദ്ദേശങ്ങളും സ്വീകരിച്ചു.

**2) ഉദ്ഘാടന സമ്മേളനം**

ജെ. എസ്. വി. ബി. എസിന്റെ രണ്ടാം ദിനമായ ചൊവ്വാഴ്ച ഔദ്യോഗികമായ ഉദ്ഘാടനവും, കുട്ടികളുടെ ക്ലാസ്സുകളും ആരംഭിച്ചു. മണർകാട് പള്ളിയിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ ജെ. എസ്. വി. ബി. എസ്. ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് കാലായിൽ അദ്ധ്യക്ഷത വഹിക്കുകയും, മണർകാട് പള്ളി സഹവികാരി വെരി. റവ. കുറിയാക്കോസ് കിഴക്കേടത്ത് കോർഎപ്പിസ്കോപ്പാ ഉദ്ഘാടനം ചെയ്യുകയും ജെ. എസ്. വി. ബി. എസ്. മുൻ ഡയറക്ടറും എം.ജെ.എസ്.എസ്.എ. മുൻ ഇൻസ്പെക്ടറുമായിരുന്ന മണർകാട് പള്ളി സഹവികാരി, വെരി റവ. ആൻഡ്രൂസ് കോർഎപ്പിസ്കോപ്പാ ചിരവത്തറയുടെ അകാല നിര്യാണത്തിൽ അനുശോചന പ്രമേയം അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് ജെ. എസ്. വി. ബി. എസ്. 2024-ന് കത്തീഡ്രൽ ട്രസ്റ്റി പി. എ. ഏബ്രഹാം പഴയിടത്തുവയലിൽ, എം. ജെ. എസ്. എസ്. എ. ഭദ്രാസന ഡയറക്ടർ അവിനേഷ് തണ്ടാശ്ശേരിൽ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. തുടർന്ന് ജെ. എസ്. വി. ബി. എസ്. നടക്കുന്ന സെന്റ് മേരിസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ജെ. എസ്. വി. ബി. എസ്. പതാക ഉയർത്തുകയും ചെയ്തു.

**3) ഗാനപരിശീലനം**

ബിഗിനർ, സബ്ജൂനിയർ വിഭാഗത്തിനുള്ള ഗാനപരിശീലനം ഹയർ സെക്കണ്ടറി സ്കൂളിലും ജൂനിയർ, സീനിയർ വിഭാഗത്തിനുള്ള ഗാനപരിശീലനം സി.ബി.എസ്.ഇ. സ്കൂളിലും എല്ലാ ദിവസവും രാവിലെ 8.15 മുതൽ 9.30 എ. എം. വരെ നടത്തപ്പെട്ടു. ഈ വർഷം സംഗീത ക്ലാസ്സുകൾ കൂടുതൽ ആകർഷകമാക്കാൻ സംഗീത ഉപകരണങ്ങളും ഉൾപ്പെടുത്തി.

**4) ധ്യാന പ്രസംഗങ്ങൾ**

ജൂനിയർ, സീനിയർ വിഭാഗങ്ങൾക്കായി വിവിധ ദിവസങ്ങളിൽ ധ്യാന പ്രസംഗങ്ങൾ ക്രമീകരിക്കുകയുണ്ടായി. റവ.ഫാ. പോൾ വർഗീസ് വെള്ളാപ്പള്ളി, റവ.ഫാ. ജിനൂപ് തെക്കേക്കുഴി, റവ.ഫാ. ലിറ്റു ജേക്കബ് തണ്ടാശ്ശേരിൽ എന്നിവർ വിവിധ ദിവസങ്ങളിൽ ധ്യാനം നയിച്ചു.

**5) കലാമത്സരങ്ങൾ**

ജെ. എസ്. വി. ബി. എസി-ന്റെ നാലാം ദിവസം, സീനിയർ വിഭാഗത്തിന് പെയിന്റിംഗ് മത്സരവും മറ്റു വിഭാഗക്കാർക്ക് ഡ്രോയിംഗ് കോംപറ്റീഷനും നടത്തി. എല്ലാ ക്ലാസ്സുകളിലും ഒന്നും, രണ്ടും സ്ഥാനക്കാർക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു. കുട്ടികളുടെ കലാമത്സരങ്ങൾ (സംഗീതം, പ്രസംഗം, ഗ്രൂപ്പ് സോംഗ്) 10/4/24 ബുധനാഴ്ച നടത്തുകയും, വിജയികൾക്ക് സമ്മാനങ്ങൾ 11/4/24 ക്ലാസ്സുകളിൽ വിതരണം ചെയ്യുകയും ചെയ്തു. ടീച്ചേഴ്സിന്റെ കലാമത്സരങ്ങൾ 11/4/24 നടത്തപ്പെടുകയും സമ്മാനങ്ങൾ സമാപനദിവസം ടീച്ചേഴ്സ് മീറ്റിംഗിൽ വിതരണം ചെയ്യുകയും ചെയ്തു.

**6.Sports & Other Activities**

6/4/24 ശനിയാഴ്ച കുട്ടികൾക്ക് സ്പോർട്സ് ഡേ നടത്തപ്പെട്ടു. സീനിയർ വിഭാഗത്തിന് സി.ബി.എസ്.ഇ. സ്കൂൾ, ജൂനിയർ വിഭാഗത്തിന് ഹയർ സെക്കണ്ടറി സ്കൂൾ, സബ് ജൂണിയർ വിഭാഗത്തിന് ഹൈസ്കൂൾ, ബിഗിനർ വിഭാഗത്തിന് പ്ലേ സ്കൂളിലും നടത്തപ്പെട്ടു. 3/4/24 ന് സീനിയർ, ജൂനിയർ, സബ് ജൂണിയർ വിഭാഗത്തിലെ കുട്ടികളെ നമ്മുടെ പള്ളിയെയും, പള്ളി ഉപകരണങ്ങളും പരിചയപ്പെടുത്താനായി 'know your parish' എന്ന പ്രോഗ്രാം കത്തീഡ്രലിൽ നടത്തപ്പെട്ടു. വിവിധ ദിവസങ്ങളിലായി എല്ലാ വിഭാഗത്തിലും മോട്ടിവേഷൻ ക്ലാസ്സുകൾ നടത്തപ്പെട്ടു.

**7. സ്നേഹവിരുന്ന്**

11/4/24 വ്യാഴാഴ്ച, ജെ. എസ്. വി. ബി. എസ് കുട്ടികൾക്ക് പൊതുവായി ഉച്ചഭക്ഷണം നൽകി. ജെ. എസ്. വി. എസിൽ പുതിയ ചരിത്രം സൃഷ്ടിച്ചു.

**8. ഫ്ളവേഴ്സ് ഡേ**

മുൻ വർഷങ്ങളിൽനിന്ന് മാറ്റം വരുത്തി. ഈ വർഷം ഓരോ വിഭാഗത്തിനും വ്യത്യസ്ത തീമുകൾ നൽകി ഫ്ളവേഴ്സ് ഡേ നടത്തി. സീനിയർ ക്ലാസ്സുകളിൽ ഏദൻ തോട്ടം, ജൂണിയർ ക്ലാസ്സുകളിൽ ക്രിസ്മസ്, സബ് ജൂണിയർ ക്ലാസ്സുകളിൽ കാനാവിലെ കല്യാണം, ബിഗിനർ ക്ലാസ്സുകളിൽ മാലാഖ എന്നിവയും ആയിരുന്നു തീമുകൾ. വൈദികർ, കന്യാസ്ത്രീകൾ, സ്കൂൾ കൗൺസിലേഴ്സ്, ടീച്ചേഴ്സ് എന്നിവരടങ്ങുന്ന വിധികർത്താക്കൾ ഓരോ ക്ലാസ്സുകളും വിലയിരുത്തുകയും കൂടുതൽ പോയിന്റുകൾ കരസ്ഥമാക്കിയ ക്ലാസ്സുകൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു.

**9. കുട്ടികൾക്കുള്ള മറ്റു സൗകര്യങ്ങൾ**

ജെ. എസ്. വി. ബി. എസി-ന്റെ എല്ലാ ദിവസവും കുട്ടികളുടെ യാത്ര സൗകര്യത്തിനായി സി. ബി. എസ്. ഇ. സ്കൂളിന്റെ 4 ബസുകൾ ക്രമീകരിച്ചു. കുട്ടികൾക്കായി എല്ലാ ദിവസവും ലഘുഭക്ഷണം നൽകുകയുണ്ടായി. ഇതിനായി സഹായം നൽകിയ കത്തീഡ്രൽ പ്രാർത്ഥനായോഗം സെൻട്രൽ കമ്മിറ്റി, കത്തീഡ്രൽ വനിതാ സമാജം ഇടവകയിലെ സുമനസ്ക്കരായ വ്യക്തികൾ തുടങ്ങിയവർക്ക് പ്രത്യേകം നന്ദി അറിയിക്കുന്നു. കുട്ടികളിൽ വായനാശീലം വളർത്തുവാൻ പ്രമുഖ മാധ്യമസ്ഥാപനങ്ങളായ മനോരമ, മാതൃഭൂമി, ദീപിക തുടങ്ങിയ പ്രസ്ഥാനങ്ങൾ അവരുടെ വിവിധ ബാലപ്രസിദ്ധീകരണങ്ങൾ നൽകി സഹായിച്ചു. കത്തീഡ്രൽ യൂത്ത് അസോസിയേഷൻ കുട്ടികൾക്കും അദ്ധ്യാപകർക്കും എല്ലാം ദിവസവും ക്വിസ് മത്സരം നടത്തി സമ്മാനം നൽകുകയും ചെയ്തു,

**10. Day of Giving & Wall of Love**

ജെ. എസ്. വി. ബി. എസ്. കുടുംബാംഗങ്ങൾക്ക് ദാനശീലം വളർത്തുവാനും, പങ്കിടിൽ പ്രോത്സാഹിപ്പിക്കാനും Day of Giving, Wall of Love എന്നിവ നടത്തപ്പെട്ടു. സമാഹരിച്ച തുകകൾ MJSSAയിൽ അടച്ചു. സീനിയർ വിദ്യാർത്ഥികൾക്കും ടീച്ചേഴ്സിനുമായി wall of love എന്ന ക്രമീകരണത്തിലൂടെ, പാവപ്പെട്ടവർക്കും അർഹതപ്പെട്ടവർക്കു ഉപയോഗിക്കാനും സാധിക്കുന്ന വസ്ത്രങ്ങൾ ശേഖരിച്ചു.

**11. BRAIN BLITZ ഡിജിറ്റൽ ബൈബിൾ ക്വിസ് മത്സരം**

JSVBS സമാപനത്തോട് അനുബന്ധിച്ച് എം.ജെ.എസ്.എസ്.എ മണർകാട് ഡിസ്ട്രിക്റ്റ് മാതാപിതാക്കൾക്കും രക്ഷകർത്താക്കൾക്കുമായി Brain Blitz എന്ന പേരിൽ ബൈബിൾ ക്വിസ് മത്സരം നടത്തപ്പെട്ടു. MJSSA Manarcad District ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം പേജുകളിൽ പ്രസിദ്ധീകരിച്ച ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ കമന്റ് ബോക്സിൽ രേഖപ്പെടുത്തിയതിൽനിന്നും ശരി ഉത്തരങ്ങൾ നൽകിയവരെ facebook , Instagram എന്നിവയിൽ തിരഞ്ഞെടുത്തു. വിജയികൾക്ക് ക്യാഷ് പ്രൈസ് നൽകും.

**12. സമാപനറാലി & സമാപന സമ്മേളനം**

ജെ. എസ്. വി. എസിന്റെ സമാപനദിനമായ 13-4-24 രാവിലെ 7 മണിക്ക് മണർകാട് കവലയിൽ നിന്നു വർണശബളമായ റാലി ആരംഭിച്ചു. 8.30 എ. എം. -ന് കരോട്ടെ പള്ളിയും താഴത്തെ പള്ളിയും ചുറ്റി സമ്മേളന സ്ഥലമായ സി.ബി.എസ്.ഇ. സ്കൂളിൽ എത്തിച്ചേർന്നു. റാലിയിൽ മധുരപലഹാരങ്ങളും, ശീതളപാനീയങ്ങളും നൽകിയ മോൻ മറ്റക്കണ്ടത്തിൽ, സെന്റ് മേരീസ് പ്രൈവറ്റ് ഐ.റ്റി.ഐ., സെന്റ് മേരീസ് യൂത്ത് അസോസിയേഷൻ, അജിനോറ ഇൻസ്റ്റിറ്റ്യൂട്ട്, സെന്റ് മേരീസ് ഹോസ്പിറ്റൽ, മണർകാട് ബെസ്റ്റ് ബേക്കേഴ്സ് എന്നിവരോടുള്ള കൃതജ്ഞതയും രേഖപ്പെടുത്തുന്നു.

സി. ബി. എസ്. ഇ. സ്കൂൾ ഹാളിൽ നടന്ന സമാപന സമ്മേളനത്തിൽ ഡയറക്ടർ റവ.ഫാ. കുറിയാക്കോസ് കാലായിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനം സഹവികാരി റവ.ഫാ.ജെ. മാത്യൂസ് മണവത്ത് ഉദ്ഘാടനം ചെയ്തു. കത്തീഡ്രൽ ട്രസ്റ്റി ഡോ. ജിതിൻ കുര്യൻ ആൻഡ്രൂസ് ചിരവത്തറ, കത്തീഡ്രൽ സെക്രട്ടറി ജേക്കബ് വി. ജെ. വാഴത്തറ, എം. ജെ. എസ്. എസ്. എ. ഭദ്രാസന ഡയറക്ടർ ശ്രീ അവിനേഷ് തണ്ടാശ്ശേരിൽ എന്നിവർ ആശംസകൾ അർപ്പിക്കുകയും ചെയ്തു. തുടർന്ന് കുട്ടികളും അദ്ധ്യാപകരും പങ്കാളികളായ കൈയ്യെഴുത്തു മാസിക സൗഹൃദ സംഗമം പ്രകാശനം ചെയ്തു. തുടർന്ന് കുട്ടികളുടെ സമ്മാനദാനവും വിവിധ കലാപരിപാടികളും നടത്തപ്പെട്ടു

സർവ്വശക്തനായ ദൈവത്തിന്റെ കാരുണ്യത്താലും ദൈവമാതാവിന്റെ വിലയേറിയ മദ്ധ്യസ്ഥതയാലും 2024 ജെ. എസ്. വി. ബി. എസ്. വളരെ ഭംഗിയായി പര്യവസാനിച്ചു. ജെ. എസ്. വി. ബി. എസ്-ന് എല്ലാ സഹായ സഹകരണങ്ങളും നൽകിയ മണർകാട് കത്തീഡ്രൽ ഭരണസമിതിയോടും, സൺഡേസ്കൂൾ പ്രസ്ഥാനത്തോടും, ജെ. എസ്. വി. ബി. എസ്. ഓർഗനൈസിംഗ് കമ്മിറ്റിയോടും സഹകരിച്ച എല്ലാ വ്യക്തികളോടും സ്ഥാപനങ്ങളോടും കൃതജ്ഞത അർപ്പിക്കുന്നു.



*ജെ. എസ്. വി. ബി. എസിനോടനുബന്ധിച്ച് നടത്തിയ ലവ് ഫീസ്റ്റ്*



*ജെ. എസ്. വി. ബി. എസ്. സമാപനം*

## *ജെ. എസ്. വി. ബി. എസ് 2024*







**Edited, Printed & Published by MJSSA Manarcad District, *FOR PRIVATE CIRCULATION ONLY***
**DTP & Layout: Helmsman Graphics, 8089212826, Printed at Dona Printers, Kottayam**